**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 715** **05-10-2021 - ൽ മറുപടിയ്ക്ക്**

**യുവ സഹകരണ സംഘങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | രജിസ്ട്രേഷൻ നടപടികൾ പൂർത്തിയായ എത്ര യുവ സഹകരണ സംഘങ്ങളാണ് സംസ്ഥാനത്തുള്ളത്; പ്രസ്തുത സംഘങ്ങൾ എന്തൊക്കെ തരത്തിലുള്ള പ്രവൃത്തികളാണ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ? | (എ) | രജിസ്ട്രേഷൻ നടപടികൾ പൂർത്തിയായ 29 യുവ സഹകരണ സംഘങ്ങളാണ് സംസ്ഥാനത്തുള്ളത്. മൊബൈൽ ആപ്ലിക്കേഷന്റെ സഹായത്തോടെ സേവനങ്ങൾ വീട്ടു പടിക്കൽ ലഭ്യമാക്കുക, ഈവന്റ് മാനേജ്മെന്റ്, തേങ്ങയിൽ നിന്നും എണ്ണ ഉൾപ്പെടെയുള്ള മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിച്ച് വിപണനം നടത്തുക, കലാകാരൻമാരെ പ്രോത്സാഹിപ്പിക്കുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ. പരിസ്ഥിതിയ്ക്ക് ദോഷകരമായ അജൈവ മാലിന്യങ്ങൾ ശേഖരിച്ച് പുനരുപയോഗിക്കുന്നതിനാവശ്യമായ വസ്തുക്കൾ ഉണ്ടാക്കി വിപണനം നടത്തുക, അഗ്രിഗേറ്റഡ് പ്ലാറ്റ്ഫോം വഴി വിവിധ മേഖലകളിലെ തൊഴിലാളികളെ സപ്ലൈ ചെയ്യുക, വിവിധ ആവശ്യങ്ങൾക്കുള്ള സോഫ്റ്റ് വെയർ ഡെവലപ്പ് ചെയ്ത് അതുവഴി ഐ.റ്റി മേഖലയിലെ യോഗ്യരായ യുവജനങ്ങൾക്ക് തൊഴിൽ നൽകുക, കമ്പ്യൂട്ടർ, ഐ.റ്റി അനുബന്ധ സാമഗ്രികളുടെ വിപണനവും സർവ്വീസും, പ്രിന്റിംഗ് ആൻഡ് പബ്ലിഷിംങ്, കാറ്ററിംഗ് സർവ്വീസ്, തൊഴിൽ നൈപുണ്യമുള്ള യുവാക്കളുടെ തൊഴിൽ സേന രൂപീകരിച്ച് തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, ഇലക്ട്രോണിക് മാലിന്യങ്ങൾ എന്നിവയുടെ ശേഖരണവും, സംസ്കരണവും, ഗാർഡനിംഗ്, ടൂറിസം വ്യവസായത്തിന് വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക അതിലൂടെ തൊഴിൽ, ഫുഡ് പ്രൊസസിംങ് യൂണിറ്റ്, ടൂറിസം മേഖലയിലെ പദ്ധതികൾ, സുഗന്ധ വ്യഞ്ജനങ്ങളുടെ ഓൺലൈൻ വ്യാപാരം, ടൂറിസം പ്രൊമോഷൻ, ഹോംസ്റ്റേ, ട്രക്ക്സ്, സുഗന്ധ വ്യഞ്ജനങ്ങളുടെ വ്യാപാരം നിത്യോപയോഗ സാധനങ്ങളുടെ ഉൽപ്പാദനം, മറ്റ് ആവശ്യ സാധനങ്ങളുടെ സംഭരണം, വിതരണം |

| | | | |
|---|---|---|---|
| | | | നിത്യോപയോഗ സാധനങ്ങൾ സംഘത്തിന്റെ കോൾ സെന്റർ വഴി വീടുകളിൽ എത്തിച്ചുകൊടുക്കുക, ബേക്കറി സാധനങ്ങളുടെ ഉൽപ്പാദനം, വിതരണം, നെല്ല്, ഇഞ്ചി, മഞ്ഞൾ കൃഷി, മത്സ്യ കൃഷി, വാഴ, പച്ചക്കറി കൃഷി തുടങ്ങിയവയുടെ ഉൽപ്പാദനം, വിതരണം, ലേബർ ബാങ്ക് രൂപീകരിക്കുക, ജനസേവന കേന്ദ്രങ്ങൾ ആരംഭിക്കുക, ഹോളോബ്രിക്സ് യൂണിറ്റുകൾ ആരംഭിക്കുക, വിവിധ തരം പച്ചക്കറികളുടെ ഉൽപ്പാദനം, സംഭരണം, വിതരണം, മെഡിസിൻ ഡിസ്ട്രിബ്യൂഷൻ, ഡിസ്ട്രിബ്യൂഷൻ ഓഫ് ലേബർ എക്യുപ്മെന്റ്സ്, സെക്യൂരിറ്റി ജോബ് തുടങ്ങിയവ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ, പ്ലംബിംഗ് സിസ്റ്റം ഡിസൈൻ ഇഞ്ചിനിയറിംഗ്, സപ്ലൈ ഇൻസ്റ്റലേഷൻ ആൻഡ് മെയിന്റനൻസ്, കാർഷിക വിഭവ ശേഖരങ്ങൾ ശ്രേണിയൊരുക്കുക, ഗുണമേന്മയുള്ള വസ്തുങ്ങൾ വിപണിയിലെത്തിക്കുക, ഈവന്റ് മാനേജ്മെന്റ് ഗ്രൂപ്പുകൾ രൂപീകരിക്കുക, എെ.റ്റി സർവ്വീസസ്, കാറ്ററിംഗ്, റസ്റ്റോറന്റ്, കാർഷിക വിളകളുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം, കാർഷികോപകരണങ്ങൾ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വാങ്ങി മിതമായ നിരക്കിൽ വ്യാപാരം നടത്തുക തുടങ്ങിയ പ്രവൃത്തികളാണ് പ്രസ്തുത സംഘങ്ങൾ ഏറ്റെടുത്ത് നടത്താൻ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ